**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5662 **03.11.2016-**ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങൾക്കനുവദിച്ച വീടുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസനവകുപ്പ്, ഗ്രാമവികസന വകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവ മുഖേന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച നിരവധി വീടുകൾ പൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 2007-08 മുതൽ 2015-16 വരെ പട്ടികജാതി വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ ഇപ്പോൾ 13397 വീടുകൾ പൂർത്തിയാക്കാനുണ്ട്. ഗ്രാമവികസന വകുപ്പ്, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖേന അനുവദിച്ച പൂർത്തീകരിക്കാത്ത വീടുകളുടെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഇത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഇത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് നിലവിൽ സ്പിൽ ഓവർ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിന് ആനുപാതികമായ തുക നിശ്ചിത ഗഡുക്കളായി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ